പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2690 — 19-07-2011 ൽ മറുപടിയ്ക്ക്

# ഭൂമിയുടെ ന്യായവില പട്ടികയിലെ അപാകതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി. ജോർജ്ജ്:<br>,, വി.ഡി. സതീശൻ:<br>,, സി.പി. മുഹമ്മദ്:<br>,, എം.പി. വിൻസെന്റ്: | ശ്രീ. ടി.എം. ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ ഇപ്പോൾ വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമിയുടെ ന്യായ വില പട്ടികയിൽ ധാരാളം തെറ്റുകൾ കടന്നുകൂടിയിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) 06-3-2010 ലെ 515-ാം നമ്പർ കേരള ഗസറ്റ് (അസാധാരണം) ആയിട്ടാണ് അന്തിമ ന്യായവില നിർണ്ണയം സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുളളത്. ഇപ്രകാരം പ്രസിദ്ധീകരിച്ച അന്തിമ ന്യായ വില പട്ടികയിൽ ആക്ഷേപമുളള പക്ഷം 1995 -ലെ കേരള മുദ്രപത്ര (ഭൂമിയുടെ ന്യായ വില നിർണ്ണയിക്കൽ) ചട്ടങ്ങളിലെ ചട്ടം 5 അനുസരിച്ചും, 1959 -ലെ കേരള മുദ്രപ്രത്ര നിയമം 28 എ (4) വകുപ്പ് അനുസരിച്ചും, ഫോറം 'ബി' യിൽ ജില്ലാ കളക്ടർ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. ഭൂമിയുടെ ന്യായവില സംബന്ധിച്ച അപ്പീലുകളിന്മേൽ തീർപ്പ് കൽപ്പിക്കാനുളള അധികാരം ബന്ധപ്പെട്ട ജില്ലാ കളക്ടർക്കാണ്.<br>25-10-2010 ലെ 18971/Leg A2/2010/Law നമ്പർ വിജ്ഞാപനം പ്രകാരം കേരള മുദ്രപത്ര നിയമത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച് ന്യായ വില സംബന്ധിച്ച് അപ്പീലുകൾ സമർപ്പിക്കു |

ന്നതിനുള്ള കാലപരിധി 3 മാസത്തിൽ നിന്ന് ഒരു വർഷത്തേക്ക് നീട്ടിയിട്ടുണ്ട്. കൂടാതെ, മതിയായ കാരണമുണ്ടെന്ന് കളക്ടർക്ക് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ ടി കാലാവധിക്ക് ശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും പരിഗണിക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ട്.

27-3-2010 ലെ സ.ഉ (സാധാ) 77/10/നിവ നമ്പർ സർക്കാർ ഉത്തരവനുസരിച്ച്, ന്യായവില വിജ്ഞാപനത്തിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ സബ് രജിസ്ട്രാർമാർക്ക്, അതാത് ജില്ലാ കളക്ടർ മുമ്പാകെ അപ്പീൽ രൂപത്തിൽ ബോധിപ്പിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള ന്യായവില വിജ്ഞാപനത്തിലെ അപാകതകൾ സ്വമേധയായോ, സബ് രജിസ്ട്രാർമാർ ചൂണ്ടിക്കാണിക്കുന്നതോ, പൊതുജനങ്ങളിൽ നിന്നുള്ള അപ്പീലുകളായി ലഭിക്കുന്നവയോ പരിശോധിച്ച് നിശ്ചിത സമയത്തിനുള്ളിൽ അതാത് കളക്ടർമാർ പരിഹാരം കണ്ട് വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

അപ്പീലുകൾ നൽകുന്നതിനുള്ള ഫോറം 'ബി' സബ് രജിസ്ട്രാർ ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, കളക്ടറേറ്റ്, ജില്ലാ ഓഫീസുകൾ എന്നിവിടങ്ങളിൽ ലഭ്യമാക്കാനും, ന്യായവില സംബന്ധിച്ച അപ്പീലുകൾ കളക്ടർക്ക് വേണ്ടി വില്ലേജ് ഓഫീസർമാർ സ്വീകരിക്കുവാനും ശുപാർശ സഹിതം കളക്ടർക്ക് കൈമാറുവാനും തീരുമാനിച്ചിരുന്നു. അപ്പീലുകൾ നൽകുന്നതിനുള്ള ഫോറം 'ബി' യുടെ മാതൃക എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി ന്യായവില സംബന്ധിച്ച അപ്പീലുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

.......3

| | |
|---|---|
| (സി) ന്യായവില പട്ടികയിൽ ഭൂമിയുടെ ഇനം മാറ്റി അച്ചടിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ന്യായവില പട്ടികയിൽ ഭൂമിയുടെ ഇനം മാറ്റി അച്ചടിച്ചിരിക്കുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് വില്ലേജ് തലത്തിൽ അദാലത്ത് സംഘടിപ്പിക്കാമോ;<br><br>(ഇ) വില്ലേജ് തലത്തിൽ അദാലത്ത് നടത്തുവാൻ കഴിയുന്നില്ലെങ്കിൽ മറ്റ് ഏതു വിധത്തിൽ ഇത് പരിഹരിക്കുവാൻ കഴിയും എന്നറിയിക്കുമോ? | ഡിയും, ഇ-യും<br>ഈ വിഷയം പരിശോധിച്ചു വരികയാണ്. |

Reena

സെക്ഷൻ ഓഫീസർ